
# കാലവും കോലവും

• നാണു ആയഞ്ചേരി

തട്ടിൻ പുറത്ത് ചുണ്ടെലി മാമന്
പട്ടിണിയാണേ പലവട്ടം.
കപ്പക്കഷ്ണം കിട്ടാതായി-
ട്ടൊത്തിരിയായീ ദിവസങ്ങൾ.
പയർമണിയെങ്ങും കാണാനില്ല
നെൻമണിയില്ലാ കലവറയിൽ.
ബ്രെഡും ജാമും തിന്നു തിമിർക്കും
കുട്ടികളാണേ ഈ വീട്ടിൽ.
ബേക്കറി പലഹാരങ്ങൾ നിറഞ്ഞൊരു
മാർക്കറ്റാണേ ഈ വീട്!
ചേമ്പും മാമ്പും കാമ്പും പോയീ
ഫാസ്റ്റാണല്ലോ, ഫുഡെല്ലാം
കാലം മാറിപ്പോയീ, കുട്ടികൾ
കോലം കെട്ടു നടപ്പല്ലേ!





# മുല്ല

• അനീസ നാസർ തറോൽ

മുല്ല വള്ളി പൂത്ത നേരം
നല്ല മണം ഓടിയെത്തി
നല്ല മണം വന്നുടനെ
മുല്ലയെ ഞാൻ തേടിപ്പോയി
മുല്ലപ്പൂക്കളാൽ പൊതിഞ്ഞ
മുല്ല വള്ളി നോക്കി ഞാൻ
നല്ല മണമുള്ള മുല്ലയിൽ
നല്ല ചേല് കണ്ടു ഞാൻ!